LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിവിധ ജില്ലകളിൽ നിന്നും വരുന്ന ഗുണഭോക്താക്കളുടെ പട്ടികകൾ ക്രോഡീകരിച്ച് ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി ഗുണഭോക്താക്കൾക്ക് തുക അയച്ചു നൽകുന്നു. ജനനി ജന്മരക്ഷ പദ്ധതി പ്രകാരം 2013-14, 2014-15 കാലയളവിൽ സർക്കാർ അനുവദിച്ച തുക ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി അയച്ചു നൽകിയിരുന്നു. എന്നാൽ ഏതാനും മണിയോർഡറുകൾ വിവിധ കാരണത്താൽ മടങ്ങി വരികയും നിശ്ചിത സമയപരിധിക്കുള്ളിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക അയയ്ക്കാൻ പറ്റാത്ത സാഹചര്യം നിലവിൽ വന്നപ്പോൾ 2015-16 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച തുക ജില്ലാ ഓഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് അലോട്ട്മെന്റ് നൽകി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional Authorization മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റീ-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇ-ഓഫീസ് സംവിധാനം

22 (*52) ശ്രീ. കെ. അച്ചുതൻ:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും മറ്റ് പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ കളക്ടേറ്റിൽ പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഇതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.
2. മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാനിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.
4. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.
5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.
7. റെക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.
8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുക.

GPM. 2/237/2020-10

LIBRARY ARCHIVES Kerala Legislative Assembly

9. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.

10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

11. ശ്രുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ഇ-ഓഫീസ് പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്ക്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ടി വകുപ്പിൽ നിന്നും തന്നെയുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇ-ഓഫീസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി വിവര സാങ്കേതികവിദ്യാ വകുപ്പ് അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇ-ഓഫീസ് ആദ്യഘട്ടത്തിൽ നടപ്പാക്കിയ സെക്രട്ടേറിയറ്റിലും രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിലും ഐ.ടി. (വെർച്വൽ) കേഡർ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇ-ഓഫീസ് ഉൾപ്പെടയുള്ള ഇ-ഗവേണൻസ് പദ്ധതികൾ ജീവനക്കാരെ വിശ്വാസത്തിലെടുത്ത് സുഗമമായി നടപ്പിലാക്കുകയെന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ മുഖേന അനുവദിച്ചുനൽകുന്നു. സോഫ്റ്റ്വെയർ വികസിപ്പിച്ച NIC-യാണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്. ഇ-ഓഫീസ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിവര സാങ്കേതിക വകുപ്പ് സമയാസമയങ്ങളിൽ നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 20-8-2015 ലെ സ.ഉ.(പി) നമ്പർ27/2015/ITD പ്രകാരം ഇ-ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി കൂടിയാലോചിച്ച് സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുവാൻ എൻ.ഐ.സി-ക്ക് യഥാസമയം നിർദ്ദേശം നൽകുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ്വെയറിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly